# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–* 686560
***ഫോൺ:*** 0481–2733370

## വാർത്താക്കുറിപ്പ്

**2025 ജൂൺ 10**

---

## തൊഴിലധിഷ്ഠിത ഇൻസ്ട്രുമെന്റേഷൻ കോഴ്സ് ; ജൂൺ 15 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ
ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ നടത്തുന്ന
അഡ്വാൻസ്ഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റേഷൻ ആന്റ് അനാലിസിസ് എന്ന തൊഴിലധിഷ്ഠിത ഇൻസ്ട്രുമെന്റേഷൻ കോഴ്സിൽ പ്രവേശനത്തിന് ജൂൺ 15 വരെ അപേക്ഷിക്കാം.*

*ഭക്ഷ്യ, ഫാർമസ്യൂട്ടിക്കൽ വ്യവസായ മേഖലകളിലെ ഗുണനിലവാര നിയന്ത്രണവുമായി ബന്ധപ്പെട്ട ജോലികൾക്ക് ആവശ്യമായ വൈദഗ്ധ്യം നേടാൻ സഹായകമായ കോഴ്സിന്റെ ദൈർഘ്യം ആറു മാസമാണ്. കോഴ്സിന്റെ ഭാഗമായി വ്യവസായ മേഖലയിൽ പരിശീലനം നൽകും.*

*രാജ്യത്തെ മുൻനിര ഫുഡ് ആന്റ് ഫാർമസ്യൂട്ടിക്കൽ ലാബുകളുടെ പ്ലേസ്മെന്റ് ഡ്രൈവും ഉണ്ടാകും.*

***ഫോൺ - 94474 91686 . ഇമെയിൽ*** þcic@mgu.ac.in
***(പി.ആർ.ഒ/39/1674/2025)***

## റെഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡാസ്പ്) നടത്തുന്ന റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാമുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്-സപ്ലൈ ചെയിൻ ആന്റ് പോർട്ട് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ ബേക്കറി ആന്റ് കൺഫെക്ഷണറി (യോഗ്യത-പ്ലസ്ടു) പിജി ഡിപ്ലോമ ഇൻ ഡാറ്റാ ആന്റ് ബിസിനസ് അനലിറ്റിക്സ് (യോഗ്യത-ഡിഗ്രി) എന്നിവയിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂൺ 29 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* www.dasp.mgu.ac.in *എന്ന വെബ്സൈറ്റിൽ. ഇമെയിൽ–:*dasp@mgu.ac.in
***ഫോൺ–8078786798, 0481 2733292***

*(പി.ആർ.ഒ/39/1675/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) മാസ്റ്റർ ഓഫ് അപ്ലൈഡ് ഇലക്ട്രോണിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

………………..

*ഒന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി മാത്തമാറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ 24 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1676/2025)*

## പരീക്ഷാ തീയതി

*രണ്ടാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം (പ്രൈവറ്റ് രജിസ്ട്രേഷൻ 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷകൾ ജൂൺ 23 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1677/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**